**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1188** **31-01-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ മത്സ്യമാർക്കറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വെള്ളയിൽ മത്സ്യമാർക്കറ്റ് നിർമ്മാണം ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള വെള്ളയിൽ ഫിഷിംഗ് ഹാർബർ ഭൂമിയിലാണ് നിശ്ചയിച്ചിരിക്കുന്നത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും പെർമിസീവ് സാങ്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒപ്പം ലഭ്യമായ സ്ഥലത്തിനനുസരിച്ച് കോഴിക്കോട് കോർപ്പറേഷനുമായി ബന്ധപ്പെട്ട് പ്ലാൻ തയ്യാറാക്കിവരുന്നു. പ്ലാൻ അംഗീകാരം ലഭ്യമാക്കി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വെള്ളയിൽ മത്സ്യമാർക്കറ്റ് നിർമ്മാണം ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള വെള്ളയിൽ ഫിഷിംഗ് ഹാർബർ ഭൂമിയിലാണ് നിശ്ചയിച്ചിരിക്കുന്നത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും പെർമിസീവ് സാങ്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒപ്പം ലഭ്യമായ സ്ഥലത്തിനനുസരിച്ച് കോഴിക്കോട് കോർപ്പറേഷനുമായി ബന്ധപ്പെട്ട് പ്ലാൻ തയ്യാറാക്കിവരുന്നു. പ്ലാൻ അംഗീകാരം ലഭ്യമാക്കി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ